# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **24.09.2025** മുതൽ **28.09.2025** വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.എൻ.ആർ - 76/2025 | തീയ്യതി: 23/09/2025 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 23.4 | 30.8 – 32.2 | 23.9 – 24.4 | 76 – 95 | 00 – 06 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 24-09-2025 | 25-09-2025 | 26-09-2025 | 27-09-2025 | 28-09-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 7 | 4 | 5 | 7 | 10 |
| കൂടിയതാപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 4 | 3 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 340 | 230 | 290 | 250 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ **** ഉയർന്ന അന്തരീക്ഷ ആർദ്രതയും ഊഷ്മാവും അനുഭവപ്പെടും. ആകാശം പൊതുവേ ഭാഗികമായും ചിലയിടങ്ങളിൽ പൂർണ്ണമായും മേഘാവൃതമായിരിക്കും | | |
| അപായ സൂചന | സെപ്റ്റംബർ 24 മുതൽ 26 വരെ ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യത. സെപ്റ്റംബർ 27 ന് ഒറ്റപെട്ട ശക്തമായ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്. നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത. വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തേറ്റകൾ എന്നിവ പിക്ക് പൂഷൽ പിടിക്കുക മുതലായവ പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക. | | |

| | | | |
|---|---|---|---|
| | കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്.<br>മണ്ണിൽ നിന്നും ജലനഷ്ടം ഉണ്ടാകാതിരിക്കാൻ വിളകൾക്ക് പുതയിടുക . | | |
| നെല്ല് | വിവിധ ഘട്ടം | ഓലചുരുട്ടിപുഴു<br> | ഓലചുരുട്ടിപുഴുആക്രമണംഉണ്ടെങ്കിൽമുള്ളുള്ളകമ്പുവലിച്ചുഓലചുരുളുകൾതുറക്കുക.<br>ആക്രമണംരൂക്ഷമാണെങ്കിൽമാത്രംഫ്ലുബാൻഡൈഅമൈഡ്39.35%SC @1 മില്ലി/10ലിറ്റർവെള്ളത്തിൽഎന്നതോതിൽകലർത്തിതളിച്ച്കൊടുക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | മഞ്ഞളിപ്പ്<br> | ഓരോ തെങ്ങിൻ തടത്തിലും 2കിഗ്രാം വീതം കുമ്മായം ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200ഗ്രാം ബോറാക്സ്, 500ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 100ഗ്രാം സിങ്ക് സൾഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും<br> | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ചു മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക |

| | | | |
|---|---|---|---|
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br><br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| പശു | കറവപ്പശു | അകിടു വീക്കം  | അതിമാരകമായ ചില ബാക്ടീരിയകളാണ് രോഗ കാരണം. വൃത്തിഹീനമായ തൊഴുത്തിൽ നിന്നും, അണുക്കളുടെ വാഹകരായ ഈച്ച, കൊതുക്, കീടങ്ങൾ എന്നിവയിൽ നിന്നും അകിടിലേക്ക് അണുബാധയുണ്ടാകുന്നു. അകിടിന്റെ ഒരു കാമ്പിൽ നിന്നും മറ്റു കാമ്പുകളിലേക്കും ഒരു പശുവിൽ നിന്നും മറ്റു പശുക്കളിലേക്കും രോഗം പടരാം.<br><br>പാൽ സാധാരണ വെള്ള നിറം മാറി മഞ്ഞ നിറം കലർന്ന ദ്രാവകമായി മാറുന്നു, തീറ്റയെടുക്കാൻ വിമുഖത, ഗർഭമലസൽ, കടുത്ത പനി എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. ചികിത്സ ലഭിക്കാതിരുന്നാൽ അകിടിന്റെ പാലുൽപാദന ക്ഷമത പൂർണ്ണമായി നശിച്ചു പോകുവാനും, പശു കിടപ്പിലായി മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്.<br><br>രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി